**A**

# സമഗ്രശിക്ഷാ കേരളം

**6001**

# അർധവാർഷിക മൂല്യനിർണ്ണയം 2023-24

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് : 6

സമയം : 2 മണിക്കൂർ

**നിർദേശങ്ങൾ**

- ആരോഗ്യ കായിക വിദ്യാഭ്യാസം കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപ്പേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

## ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക** **(4 x 1 = 4)**

1. ശാസ്ത്രീയമായി ഉയരം രേഖപ്പെടുത്തുന്നതിനുള്ള ഉപകരണം ഏത്?
   എ) സ്റ്റേഡിയോമീറ്റർ ബി) തെർമോമീറ്റർ
   സി) വെയിങ്മെഷിൻ സി) ബാരോമീറ്റർ
2. ശരീരാനുപാതം നിർണ്ണയിക്കുന്നതിന് വ്യാപകമായി ഉപയോഗിക്കുന്ന സമവാക്യമാണ്......
   എ) ബോഡിമാസ് ഇൻഡക്സ് ബി) ഡെസിബൽ
   സി) ഹൃദയമിടിപ്പ് ഡി) കലോറി
3. 2023 ലെ ഏഷ്യൻ ഗെയിംസ് മത്സരങ്ങൾ നടന്ന രാജ്യം ഏത്
   എ) ഇന്ത്യ ബി) ചൈന
   സി) തായ്ലന്റ് ഡി) ശ്രീലങ്ക
4. താഴെപറയുന്നവയിൽ ഏറ്റവും കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന കായിക ഇനം ഏതാണ്?
   എ) ഫുട്ബോൾ ബി) കബഡി
   സി) ഹോക്കി ഡി) ഖോ-ഖോ
5. റോഡിലൂടെ സൈക്കിൾ സവാരി ചെയ്യേണ്ടത്........................
   എ) വലതുവശത്തുകൂടി ബി) ഇടതുവശത്തുകൂടി
   സി) ഫുട്പാത്തിലൂടെ ഡി) റോഡിനുനടുവിലൂടെ

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക. (4 x 2 = 8)**

6. പേശീക്ഷമത എന്നാൽ എന്ത്?
7. യോജിച്ചവ തിരഞ്ഞെടുത്തെഴുതുക.

| എ | ബി |
|---|---|
| എ) സിറ്റ് ആന്റ് റീച്ച് | • തോളിന്റെ ശക്തിയും ക്ഷമതയും |
| ബി) സിറ്റ് അപ്പ് | • അയവ് |
| സി) 1600 മീറ്റർ ഓട്ടം | • പേശീക്ഷമത |
| ഡി) മോഡിഫൈഡ് പുൾഅപ് | • ഹൃദയക്ഷമത |

8. തലചുറ്റൽ വരാതിരിക്കാനുള്ള മുൻകരുതലുകൾ എന്തെല്ലാം?

9. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

10. മൂക്കിൽ നിന്നുണ്ടാകുന്ന രക്തസ്രാവത്തിന് നൽകുന്ന പ്രഥമ ശുശ്രൂഷ എഴുതുക.

(1 x 3 = 3)

**11, 12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരം എഴുതുക.**

11. വിവിധ കായികക്ഷമതാ ഘടകങ്ങൾ എഴുതുക?

12. സ്ഥിരമായി സൈക്കിൾ സവാരി നടത്തുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക** (4 x 1 = 4)

1. പശ്ചിമബംഗാളിലെ പ്രശസ്തമായ 'ശാന്തിനികേതൻ' സ്ഥാപിച്ചത് ആര്?
(നന്ദലാൽ ബോസ്, രബീന്ദ്രനാഥ ടാഗോർ, എ.രാമചന്ദ്രൻ, പണ്ഡിറ്റ് രവിശങ്കർ)

2. നാടൻപാട്ടുകളിൽ, പ്രത്യേക അർഥമൊന്നും സൂചിപ്പിക്കാതെ അക്ഷരങ്ങൾ താളാത്മകമായും ഈണത്തോടെയും ആലപിക്കുന്നതാണ് ....................
(ഇശൽ, കൃതി, വായ്ത്താരി, കീർത്തനം)

3. ഇന്ത്യൻ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യനർത്തകിയായ രുഗ്മിണിദേവി അരുണ്ടേൽ താഴെ കൊടുത്തിരിക്കുന്ന ഏത് നൃത്തരൂപവുമായി ബന്ധപ്പെട്ടിരിക്കുന്നു?








മോഹിനിയാട്ടം   കേരളനടനം   കഥകളി   ഭരതനാട്യം

4. താഴെ കൊടുത്തിരിക്കുന്നവരിൽ കുട്ടികളുടെ നാടകവേദിക്ക് വേണ്ടി പ്രവർത്തിച്ച മഹാപ്രതിഭ ആര് ?
(പി.ഭാസ്കരൻ, കെ.സി.എസ് പണിക്കർ, കലാമണ്ഡലം ഹൈദരലി, ജി.ശങ്കരപ്പിള്ള)

5. 'ഇംപ്രഷനിസത്തിന്റെ അമരക്കാരൻ' എന്നറിയപ്പെടുന്ന പാശ്ചാത്യ ചിത്രകാരൻ ആര്?
(പാബ്ലോപിക്കാസോ, ക്ലോദ്മോണെ, റം ബ്രാന്റ്, ബിനോദ് ബിഹാരി മുഖർജി)

6. താഴെക്കൊടുത്തിരിക്കുന്ന വാദ്യോപകരണങ്ങളുടെ ചിത്രങ്ങളിൽ നാടൻപാട്ടുകൾക്ക് പ്രയോഗിക്കുന്ന വാദ്യോപകരണം കണ്ടെത്തി എഴുതുക.






പുള്ളുവവീണ   വയലിൻ   വീണ   ഗിറ്റാർ

**7, 8 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക** (1 x 2 = 2)

7. വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽ വയലറ്റ് നിറത്തിലുള്ള പൂക്കൾ കാണാറില്ലേ? ഏതൊക്കെ നിറങ്ങൾ യോജിപ്പിക്കുമ്പോഴാണ് വയലറ്റ് നിറം ലഭിക്കുന്നത്?

8. സംഘമായി നാടൻപാട്ടുകൾ ആലപിക്കുമ്പോൾ ഗായകർ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ എഴുതുക.

**9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (2 x 3 = 6)**

9. താഴെക്കൊടുത്തിരിക്കുന്നവയിൽ സാധാരണയായി ശില്പനിർമ്മിതിക്ക് ഉപയോഗിക്കുന്ന മൂന്നു വസ്തുക്കൾ തിരഞ്ഞെടുത്തെഴുതുക ?

   (എണ്ണ, സിമന്റ്, പഞ്ചസാര, കളിമണ്ണ്, മെഴുക്, കുമ്മായം)

10. നാടൻപാട്ടുകളിൽ ഉപയോഗിക്കുന്ന വ്യത്യസ്തമായ മൂന്ന് താളവാദ്യങ്ങളും അവയുടെ സവിശേഷതകളും എഴുതുക.

11. ഒരു കവിതയ്ക്ക് നൃത്താവിഷ്കാരം ഒരുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

12. ചിത്രം നിരീക്ഷിച്ച് ആവശ്യമായ കഥാപാത്രങ്ങളെയും അനുയോജ്യമായ സംഭാഷണങ്ങളും ഉൾപ്പെടുത്തി ഒരു ലഘു നാടകം എഴുതുക.



**13, 14 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക** **(1 x 3 = 3)**

13. യോജിച്ചവ കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| എ) കർണാടകസംഗീതം | • പുള്ളുവക്കുടം |
| ബി) നാടൻപാട്ട് | • സിത്താർ |
| സി) ഹിന്ദുസ്ഥാനി സംഗീതം | • വയലിൻ |

14. ചെമ്പരത്തിപ്പൂവിനെ തിന്നാൻ ലക്ഷ്യമിട്ട് ഇലകളിലൂടെ നീങ്ങുകയാണ് കുഞ്ഞൻ പുഴു. ഇത് ഒരു ചിത്രം ആക്കിയാലോ? പെൻസിലൊ പേനയൊ ഉപയോഗിച്ച് വരക്കുക.

## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക (4 x 1 =4)**

1. പരിസ്ഥിതി സംരക്ഷണം എന്ന ആശയവുമായി ബന്ധപ്പെട്ട് സ്കൂൾ ആഘോഷവേളകളിൽ ഉപയോഗിക്കാൻ പാടില്ലാത്ത വസ്തു ഏത്?

   (പേപ്പർ തോരണങ്ങൾ, പ്ലാസ്റ്റിക് തോരണങ്ങൾ, ഓലത്തോരണങ്ങൾ, തുണി തോരണങ്ങൾ)

2. താഴെ കൊടുത്തിരിക്കുന്നവയിൽ ഇലക്ട്രിക് ഉപകരണങ്ങളിൽ പെടാത്തത് ഏത്?

   (മിക്സി, ഗ്രൈൻഡർ, റഫ്രിജറേറ്റർ, ഫ്ളാസ്ക്)

3. ഗ്രീറ്റിംഗ് കാർഡിൽ മാർബിളിംഗ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന, വെള്ളത്തിൽ ലയിക്കാത്ത പെയിന്റ് ഏത് ?

   (ഇനാമൽ പെയിന്റ്, വാട്ടർ കളർ, ഫാബ്രിക് പെയിന്റ്, പോസ്റ്റർ കളർ)

4. ഓഫീസ് എൻവലപ്പ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന പേപ്പർ ഏത്?

   (ന്യൂസ് പേപ്പർ, ടിഷ്യൂപേപ്പർ, ക്രേപ്പ് പേപ്പർ, ബ്രൗൺ പേപ്പർ)


5. അലങ്കാരത്തയ്യൽ ചെയ്യുമ്പോൾ പൂക്കളുടെ മധ്യഭാഗം തയ്ച്ച് പൂർത്തിയാക്കുന്നതിന് ഉപയോഗിക്കുന്ന തയ്യലിന്റെ പേരെന്ത്?

   (ലെയ്സി ഡെയ്സി, ചെയിൻ സ്റ്റിച്ച്, ഫ്രെഞ്ച് നോട്ട് സ്റ്റിച്ച്, സ്റ്റെം സ്റ്റിച്ച്)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക** **(4 x 2 =8)**

6. പേപ്പർ ക്യാരിബാഗ് നിർമ്മാണത്തിൽ ഐലെറ്റിന്റെ പ്രാധാന്യം എന്ത്?

7. താഴെക്കൊടുത്തിരിക്കുന്ന ചിത്രം നിരീക്ഷിച്ച്, പ്രവർത്തനത്തിന്റെ പേര് ബ്രാക്കറ്റിൽ നിന്നു തിരഞ്ഞെടുത്തെഴുതുക.



(ബഡ്ഡിംഗ്, ലെയറിംഗ്, ഗ്രാഫ്റ്റിംഗ്, ബോൺസായ്)

8. തുണിയിൽ സ്റ്റെൻസിൽ പ്രിന്റിംഗിലൂടെ ഡിസൈൻ ചെയ്യുന്നതിന്റെ ഗുണങ്ങൾ എന്തെല്ലാം?


9. അനുയോജ്യമായവ ചേർത്തെഴുതുക

| എ | ബി |
|---|---|
| എ) കളിമണ്ണ് | • അച്ചപ്പത്തിനുള്ള അച്ച് |
| ബി) മാർബിളിംഗ് | • മേശവിരി |
| സി) ഷീറ്റ്മെറ്റൽ വർക്ക് | • ഇനാമൽപെയിന്റ് |
| ഡി) വെജിറ്റബിൾ പ്രിന്റിംഗ് | • ചെടിച്ചട്ടി |

10. മെറ്റൽഷീറ്റിന്റെ 4 ഉപയോഗങ്ങൾ എഴുതുക.

**11, 12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക** **(1 x 3 =3)**

11. മേശവിരിയിൽ വെജിറ്റബിൾ പ്രിന്റിംഗ് ചെയ്യുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ പേരാണ് താഴെ ചിത്രത്തിൽ കൊടുത്തിരിക്കുന്നത്. ചിത്രം നിരീക്ഷിച്ച് ഒരു മേശവിരിയിൽ വെജിറ്റബിൾ പ്രിന്റിംഗ് ചെയ്യുന്ന രീതി വിശദീകരിക്കുക.




12. പാരിസ്ഥിതിക പ്രശ്നങ്ങൾ രൂക്ഷമായ ഇന്നത്തെ സാഹചര്യത്തിൽ നിങ്ങളുടെ വീട്ടിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിനുള്ള അഞ്ച് മാർഗ്ഗങ്ങൾ എഴുതുക.